**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1439 14/06/2013-ൽ മറുപടിയ്ക്ക്

**പച്ചക്കറി കൃഷി വികസനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" പി. സി. വിഷ്ണുനാഥ്<br>" അൻവർ സാദത്ത് | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) പച്ചക്കറി കൃഷി വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) പച്ചക്കറിയുടെ ഉല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുക, വിഷവിമുക്തമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | സി) സംസ്ഥാന വിത്തു വികസന അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങിയ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്. |
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പദ്ധതി നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഓരോ ജില്ലയിലും ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച രൂപ രേഖ തയ്യാറാക്കി കഴിഞ്ഞു. പച്ചക്കറി വിത്ത് കിറ്റുകൾ തയ്യാറാക്കാനും വിതരണം ചെയ്യാനും ഉള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

Snehams
**സെക്ഷൻ ഓഫീസർ**